പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ T582

29/05/2019 ൽ
മറുപടിക്ക്

## കെ.എസ്.ഡി.പി.യെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കെ.എസ്.ഡി.പി.യെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഈ സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. 9.89 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പുതിയ ഡ്രൈ പൗഡർ ഇഞ്ചക്ഷൻ പ്ലാന്റ് ബഹു.മുഖ്യമന്ത്രി 2017 ൽ ഉദ്ഘാടനം ചെയ്തു. ആന്റിബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന ഈ പ്ലാന്റിൽ നിലവിൽ 22 ഇനം മരുന്നുകൾക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ട്.<br>WHO, GMP മാനദണ്ഡങ്ങൾ പാലിച്ച്, നൂതന സാങ്കേതിക വിദ്യ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തി ലോക നിലവാരത്തിലുള്ള നോൺബീറ്റാലാക്ടം പ്ലാന്റിന്റെ ഉദ്ഘാടനം ബഹു.മുഖ്യമന്ത്രി 2019 ഫെബ്രുവരിയിൽ നിർവഹിച്ചു. 32.52 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവ്. 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 18.15 കോടി രൂപ വകയിരുത്തി, ഒപ്പം അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് 10 കോടി രൂപ പ്രത്യേകമായും വകയിരുത്തി. സർക്കാർ ആശുപത്രികൾക്കുവേണ്ടി കെ.എം.എസ്.സി.എൽ-ന് ആവശ്യമായ 158 ഇനം മരുന്നുകളുടെ ഉല്പാദനം ഈ പ്ലാന്റിൽ നടത്താനാകും.<br>2018-19 കാലയളവിൽ ഇന്നുവരെയുള്ള ഏറ്റവും ഉയർന്ന ഉല്പാദനമായ 58.37 കോടി രൂപയും, വില്പനയ്ക്ക് 55.01 കോടി രൂപയും 2.75 കോടി (പ്രൊവിഷണൽ) രൂപയുടെ ലാഭവും കൈവരിക്കാൻ സാധിച്ചു. കുത്തിവയ്പ്പ് മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനായി 50 കോടി രൂപ മുതൽ മുടക്കിൽ ആരംഭിക്കാൻ പോകുന്ന LVP/SVP പ്ലാന്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ സിവിൽ വർക്ക് തുടങ്ങുകയും, യന്ത്ര സാമഗ്രികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| ബി) | കമ്പനിയിലെ നോൺബീറ്റാലാക്റ്റം പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഒരു വർഷം എത്ര കോടി രൂപയുടെ മരുന്ന് ഉൽപാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; | ബി) | കമ്പനിയിൽ പുതുതായി അനുവദിച്ച നോൺ ബീറ്റാലാക്റ്റം പ്ലാന്റ് പൂർണ്ണതോതിൽ ഉല്പാദന സജ്ജമാക്കിക്കൊണ്ടിരിക്കുന്നു. മെഷിനറികളുടെയും പ്ലാന്റിന്റെയും validation പ്രക്രിയ നടത്തേണ്ടതായിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനത്തിനുള്ള ലൈസൻസ് നേടിയാൽ പൂർണ്ണതോതിൽ ഉല്പാദനം ആരംഭിക്കാൻ കഴിയുന്നതാണ്. 100% ഉല്പാദനക്ഷമതയോടു കൂടി 150 കോടി രൂപയുടെ മരുന്നുല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന മരുന്നിന്റെ വിപണനത്തിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | സി) | കമ്പനിയിൽ നിലവിൽ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയും മറ്റു സംസ്ഥാനങ്ങളിലെ മെഡിക്കൽ കോർപ്പറേഷൻ വഴിയുമാണ് പ്രധാനമായും വിപണനം നടത്തിവരുന്നത്. കൂടാതെ ഇ.എസ്.ഐ., ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കാരുണ്യ ഫാർമസി വഴിയും മരുന്ന് വിപണനം നടത്തുന്നുണ്ട്. മരുന്നുകൾ അന്താരാഷ്ട്രതലത്തിൽ വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനവും ഊർജ്ജിതമായി നടത്തുന്നുണ്ട്.<br><br>കൂടാതെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ടി സംസ്ഥാനങ്ങളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം 25 കോടിയോളം രൂപയുടെ ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കെ.എം.എസ്.സി.എൽ ൽ നിന്നും 2019-20 ലേയ്ക്ക് 83 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ